**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2722** | 12-03-2018 -ൽ മറുപടിക്ക്

**സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് വിശദീകരിക്കാമോ; | എ) | കേരളത്തിലെ തീരപ്രദേശങ്ങളിൽ ചുഴലിക്കാറ്റ് മൂലമുണ്ടാകുന്ന അപകട സാധ്യത വ്യാപ്തി കുറയ്ക്കുന്നതിന് വേണ്ടി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് അപകട സാധ്യത ലഘൂകരണ പദ്ധതി. കേന്ദ്ര ഗവൺമെന്റിന്റേയും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. 2015 ആഗസ്റ്റ് 11-ന് ആരംഭിച്ച പദ്ധതിയാണ്.<br>കേരളത്തിലെ തീരദേശ ജില്ലയിലെ കടലോരങ്ങളിൽ വസിക്കുന്നവർക്ക് ചുഴലിക്കാറ്റ് സംബന്ധമായി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവരെ മാറ്റിപ്പാർപ്പിക്കുന്നതിന് അഭയ കേന്ദ്രങ്ങൾ പണിയുക, അവർക്ക് ചുഴലിക്കാറ്റ് സംബന്ധമായി യഥാസമയം മുന്നറിയിപ്പ് നൽകുക, കടലോരത്ത് താമസിക്കുന്ന ജനങ്ങൾക്ക് ചുഴലിക്കാറ്റിനെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക, ഇത്തരം ദുരന്തത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിനായി ഉദ്യോഗസ്ഥരെയും ഇതുമായി ബന്ധപ്പെട്ടവർക്കും പരിശീലനം നൽകുക മുതലായവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പദ്ധതി പഠിക്കാനായി എത്ര തുക വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചു എന്നും വിശദമാക്കാമോ; | ബി) | തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ